(ബി) ഉണ്ട്.

(സി) സ്പ്രേയിംഗ് പദ്ധതി (coconut spraying scheme) കഴിഞ്ഞ ഒക്ടോബർമാസം മുതൽ [illegible] എല്ലാ താലൂക്കുകളിലും [illegible] ഉദ്ദേശിക്കുന്നുണ്ട്.

പുറംപോക്കിൽ നിന്നും കുടിയൊഴിപ്പിക്കൽ

363. [30] ശ്രീ. പി. [illegible]: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മുനിസിപ്പൽ അതിർത്തിയിൽ പെട്ട 35-43 ബി. സർവ്വേ നമ്പർ പുറംപോക്കിൽ [illegible], മറ്റൊരു വീടോ, ഭൂമിയോ ഇല്ലാത്ത ഒരു പാവപ്പെട്ട കുടുംബത്തെ കുടിയൊഴിപ്പിക്കുന്നതിന് സ്ഥലത്തെ റവന്യൂ അധികാരികളും, പോലീസും ശ്രമിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പുറംപോക്കിനോട് തൊട്ടുകിടക്കുന്ന [illegible] സൺ പുറംപോക്കുകളെ സ്വന്തം [illegible] ഇപ്പോഴും അവിടെ താമസിക്കുന്നവരെ [illegible] ചെലുത്തുന്നതായി പരാതി [illegible];

(സി) ടി പുറംപോക്ക് [illegible] കുടികിടപ്പുകാരനല്ലാതെ മറ്റാരെങ്കിലും അപേക്ഷിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ [illegible] സ്വന്തമായി ഒരു ഭൂമിയുമില്ലാത്ത [illegible] വാൻ ഗവൺമെന്റ് തയ്യാറാകുമോ;

(ഇ) പ്രസ്തുത പുറംപോക്കിൽ നിന്ന് കുടിയിറക്കാതിരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം ചങ്ങനാശ്ശേരിയിലെ റവന്യൂ അധികൃതർക്ക് നൽകാൻ തയ്യാറാകുമോ?

ഉത്തരം.

(എ) ചങ്ങനാശ്ശേരി മുനിസിപ്പൽ അതിർത്തിയിലോ, ചങ്ങനാശ്ശേരി വില്ലേജിലോ 35-43 ബി. എന്നൊരു സർവ്വേ നമ്പർ വസ്തു ഇല്ല.

(ബി, സി, ഡി, ഇ) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

കനോലികനാൽ

364. [32] ശ്രീ. [illegible]: താഴെ കാണുന്ന ചോദ്യങ്ങൾക്ക് [illegible] വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കനാലുകളും [illegible] കനോലികനാൽ [illegible] വല്ല പ്ലാനുമുണ്ടോ;

(ബി) ഈ സംബന്ധിച്ച് [illegible] നിന്ന് വല്ല നിവേദനവും ഗവൺമെന്റിന് [illegible] ലഭിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) അങ്ങിനെ ഒരു പ്ലാൻ ആലോചനയിൽ ഉണ്ടു്.
(ബി) ഉണ്ടു്.

ആയുർവേദാശുപത്രി.

365. [35] ശ്രീ. തലേക്കര കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നംകുളത്ത് ഒരു ആയുർവേദാശുപത്രി തുടങ്ങുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം.

താലൂക്കുതോറും ഓരോ ആശുപത്രിയും, പഞ്ചായത്തുതോറും ഓരോ ഡിസ്പെൻസറിയും സ്ഥാപിക്കുക എന്നുള്ളതാണ്, ഡവലപ്പ്മെന്റ പദ്ധതിയനുസരിച്ച് അംഗീകരിച്ചിട്ടുള്ളത്. കുന്നംകുളം ഉൾപ്പെട്ട തലപ്പള്ളി താലൂക്കിൽ ഇപ്പോൾ ചെറുതുരുത്തിയിൽ ഒരു ആശുപത്രി നടന്നുവരുന്നുണ്ട്. ആകയാൽ കുന്നംകുളത്ത് ഒരു ആശുപത്രി ഉടനെ ആരംഭിക്കുന്ന കാര്യം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

പൊതുക്കളിസ്ഥലം.

366. [36] ശ്രീ. തലേക്കര കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളത്ത് ഒരു പൊതു കളിസ്ഥലം അനുവദിച്ചുതരണമെന്നു കാണിച്ച് കുന്നംകുളം പൊതുജനങ്ങളിൽനിന്നും, മുനിസിപ്പാലിററിയിൽനിന്നും ഒരു നിവേദനം ഗവൺമെന്റിലേക്കു കിട്ടിയിട്ടുണ്ടോ;

(ബി) അതിന്മേൽ എന്തു നടപടിയെടുത്തു?

ഉത്തരം.

(എ) ഇല്ല.
(ബി) ഉദിക്കുന്നില്ല.

ഷോർട്ട് നോട്ടീസ് ക്വസ്റ്റ്യൻ.

സിററി ബസ്സ് സർവ്വീസ്.

3. [3] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിൽനിന്നും ഏപ്രിൽ 1-ാംനു- മുതൽ ആരംഭിച്ചിരുന്ന കിഴക്കേക്കോട്ട—നരിമാമൂട് സിററി ബസ്സ് സർവ്വീസ് നിറുത്തൽ ചെയ്യാൻ കാരണമെന്ത്; ഈ ലൈനിൽ ഓടുന്ന പ്രൈവററ് ബസ്സിലെ യാത്രക്കൂലി (നരിമാമൂട് നിന്നും തിരുവനന്തപുരത്തേയ്ക്കു) എത്രയാണ്; ഇതു് ഗവൺമെന്റ് ട്രാൻസ്പോർട്ട് ബസ്സിലെ നിരക്കിനെ അപേക്ഷിച്ച് കൂടുതലാണോ?